**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2320** **16-03-2022 - ൽ മറുപടിയ്ക്ക്**

**എൽ.പി.ജി. ഗോഡൗണിന് കെട്ടിട നമ്പർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | null<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | നിർമ്മാണം പൂർത്തിയായ എൽ.പി.ജി. ഗോഡൗണിന് കെട്ടിട നമ്പർ ലഭിക്കുന്നതിനായി ശ്രീ. അഭിലാഷ് (പണിക്കപറമ്പിൽ വീട്, ചിറ്റിലപ്പിള്ളി വില്ലേജ്) തൃശ്ശൂർ ജില്ലയിലെ അടാട്ട് ഗ്രാമപഞ്ചായത്തിൽ അപേക്ഷ നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് വെളിപ്പെടുത്തുമോ; | (എ) | എൽ.പി.ജി. ഗോഡൗണിന് കെട്ടിട നമ്പർ ലഭിക്കുന്നതിനായി ശ്രീ. അഭിലാഷ് പി.പി. എന്നവർ 13.01.2020 ൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ഫയൽ ഗ്രാമപഞ്ചായത്തിലെ എൽ.എസ്.ജി.ഡി. എൻജിനീയറിംഗ് വിഭാഗം പരിശോധിച്ചതിൽ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 പ്രകാരമുള്ള മുഴുവൻ നിർമ്മിതികളും (Surface Drain, Septic Tank, Soakpit, തുടങ്ങിയവ) കഴിഞ്ഞതിനു ശേഷം മാത്രം ഫയൽ പുന:സമർപ്പിക്കുവാൻ നിർദ്ദേശം നൽകുകയുണ്ടായി . പ്രസ്തുത ഫയൽ പുന:സമർപ്പിച്ചതിൽ ലേ ഔട്ട് അപ്രൂവൽ പ്രകാരമുള്ളതിൽ നിന്നും ഏരിയ അധികരിച്ചതിനാൽ ജില്ലാ ടൗൺ പ്ലാനിംഗിൽ നിന്നും ലേ ഔട്ട് അപ്രൂവൽ വാങ്ങണമെന്ന് എൽ.എസ്.ജി.ഡി. എൻജിനീയറിംഗ് വിഭാഗം അറിയിക്കുകയുണ്ടായി. 30/10/2020- ന് ടൗൺ പ്ലാനിംഗിൽ നിന്നും ലേ ഔട്ട് അപ്രൂവൽ വാങ്ങുന്നതിന് ഫയൽ സമർപ്പിച്ചതിൽ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 പ്രകാരമുള്ള ജെ1, ജെ2 സർട്ടിഫിക്കറ്റ് ഡ്രോയിംഗിൽ ഉൾപ്പെടുത്തണമെന്നും 100 മീറ്റർ വ്യാസാർധത്തിലുള്ള കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളിക്കണമെന്നും എൽ.എസ്.ജി.ഡി. എൻജിനീയറിംഗ് വിഭാഗം റിപ്പോർട്ട് ചെയ്യുകയുണ്ടായി. ടി വിവരങ്ങൾ അപേക്ഷകനെ അറിയിക്കുകയും അപേക്ഷ പുന: സമർപ്പിച്ചതിൽ തൃശ്ശൂർ ജില്ലാ നഗരാസൂത്രകൻ താഴെപ്പറയുന്ന അപാകതകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 1. സൈറ്റ് പ്ലാനിൽ പ്ലോട്ടിന്റെ അതിരിന്റെ അളവുകൾ പ്രകാരം ഏരിയ വ്യത്യാസമുണ്ട്. 2. അപ്പൻഡിക്സ് എ 4 ഫോം പൂരിപ്പിച്ച് സമർപ്പിച്ചിട്ടില്ല. 3. സ്കൂട്ടിനി ഫീസ് അടച്ചതിന്റെ രസീത് ഹാജരാക്കിയിട്ടില്ല. 4.സ്ഥലത്തിന്റെ ഏരിയ, ഉടമസ്ഥാവകാശം എന്നിവ |

| | | | |
|---|---|---|---|
| | | | വ്യക്തമാക്കുന്നതിന് വേണ്ടി റവന്യൂ അധികാരികൾ നൽകിയ റവന്യൂ സ്കെച്ച്, പൊസഷൻ സ്കെച്ച് എന്നിവ ഹാജരാക്കേണ്ടതാണ്. മേൽ അപാകതകൾ അപേക്ഷകനെ അറിയിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ 30/3/2021 ന് ഫയൽ ജില്ലാ ടൗൺ പ്ലാനിംഗിന് വീണ്ടും നൽകിയതിൽ പ്രസ്തുത പ്ലോട്ടിൽ വെറ്റ് ലാന്റ് ഉൾപ്പെട്ടിട്ടുണ്ടോ എന്നറിയുന്നതിന് സർവ്വെ സ്കെച്ച്, സർവ്വെ നമ്പർ സഹിതം പ്ലോട്ടിന്റെ തരം, അതിർത്തി എന്നിവ വ്യക്തമാക്കി സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചു. ആയത് പ്രകാരം സമർപ്പിച്ച രേഖകൾ പരിശോധിച്ച് ചിറ്റിലപ്പിള്ളി വില്ലേജ് 207/10- ൽ ഉൾപ്പെട്ട ഭൂമി പുരയിടം എന്ന തരത്തിൽ ഉൾപ്പെടുന്നവെന്നും, നിലം എന്ന തരത്തിൽ ഈ ഭൂമി ഉൾപ്പെടുന്നില്ലായെന്നും രേഖപ്പെടുത്തിയിട്ടുള്ള ചിറ്റിലപ്പിള്ളി വില്ലേജ് ഓഫീസറുടെ 3/12/2021- ലെ 507/2021 നമ്പർ കത്ത് ഹാജരാക്കിയിട്ടുണ്ട്. ഡാറ്റാ ബാങ്ക് പരിശോധിച്ചതിൽ ടി സർവ്വെ നമ്പർ ഉൾപ്പെട്ടിട്ടില്ലായെന്ന് എൽ.എസ്.ജി.ഡി. എൻജിനീയറിംഗ് വിഭാഗം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ടി ഗ്യാസ് ഗോഡൗൺ സ്ഥിതി ചെയ്യുന്ന ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച് പരാതി ലഭിച്ചതിനെത്തുടർന്ന് നിലവിൽ ഗ്രാമപഞ്ചായത്തിൽ നിന്നും അന്വേഷണം നടന്നു വരുന്നുമുണ്ട്. |
| (ബി) | പ്രസ്തുത അപേക്ഷയിന്മേൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കാമോ; | (ബി) | എൽ.പി.ജി. ഗോഡൗണിന് കെട്ടിട നമ്പർ ലഭിക്കുന്നതിനായി ശ്രീ. അഭിലാഷ് പി.പി. എന്നവർ 13.01.2020 ൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ഫയൽ ഗ്രാമപഞ്ചായത്തിലെ എൽ.എസ്.ജി.ഡി. എൻജിനീയറിംഗ് വിഭാഗം പരിശോധിച്ചതിൽ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 പ്രകാരമുള്ള മുഴുവൻ നിർമ്മിതികളും (Surface Drain, Septic Tank, Soakpit, തുടങ്ങിയവ) കഴിഞ്ഞതിനു ശേഷം മാത്രം ഫയൽ പുന:സമർപ്പിക്കുവാൻ നിർദ്ദേശം നൽകുകയുണ്ടായി . പ്രസ്തുത ഫയൽ പുന:സമർപ്പിച്ചതിൽ ലേ ഔട്ട് അപ്രൂവൽ പ്രകാരമുള്ളതിൽ നിന്നും ഏരിയ അധികരിച്ചതിനാൽ ജില്ലാ ടൗൺ പ്ലാനിംഗിൽ നിന്നും ലേ ഔട്ട് അപ്രൂവൽ വാങ്ങണമെന്ന് എൽ.എസ്.ജി.ഡി. എൻജിനീയറിംഗ് വിഭാഗം അറിയിക്കുകയുണ്ടായി. 30/10/2020- ന് ടൗൺ പ്ലാനിംഗിൽ നിന്നും ലേ ഔട്ട് അപ്രൂവൽ വാങ്ങുന്നതിന് ഫയൽ സമർപ്പിച്ചതിൽ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 പ്രകാരമുള്ള ജെ1, ജെ2 സർട്ടിഫിക്കറ്റ് ഡ്രോയിംഗിൽ ഉൾപ്പെടുത്തണമെന്നും 100 മീറ്റർ വ്യാസാർധത്തിലുള്ള കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളിക്കണമെന്നും എൽ.എസ്.ജി.ഡി. |

| | | | |
|---|---|---|---|
| | | | എൻജിനീയറിംഗ് വിഭാഗം റിപ്പോർട്ട് ചെയ്യുകയുണ്ടായി. ടി വിവരങ്ങൾ അപേക്ഷകനെ അറിയിക്കുകയും അപേക്ഷ പുന: സമർപ്പിച്ചതിൽ തൃശ്ശൂർ ജില്ലാ നഗരാസൂത്രകൻ താഴെപ്പറയുന്ന അപാകതകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 1. സൈറ്റ് പ്ലാനിൽ പ്ലോട്ടിന്റെ അതിരിന്റെ അളവുകൾ പ്രകാരം ഏരിയ വ്യത്യാസമുണ്ട്. 2. അപ്പൻഡിക്സ് എ 4 ഫോം പൂരിപ്പിച്ച് സമർപ്പിച്ചിട്ടില്ല. 3. സ്കൂട്ടിനി ഫീസ് അടച്ചതിന്റെ രസീത് ഹാജരാക്കിയിട്ടില്ല. 4.സ്ഥലത്തിന്റെ ഏരിയ, ഉടമസ്ഥാവകാശം എന്നിവ വ്യക്തമാക്കുന്നതിന് വേണ്ടി റവന്യൂ അധികാരികൾ നൽകിയ റവന്യൂ സ്കെച്ച്, പൊസഷൻ സ്കെച്ച് എന്നിവ ഹാജരാക്കേണ്ടതാണ്. മേൽ അപാകതകൾ അപേക്ഷകനെ അറിയിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ 30/3/2021 ന് ഫയൽ ജില്ലാ ടൗൺ പ്ലാനിംഗിന് വീണ്ടും നൽകിയതിൽ പ്രസ്തുത പ്ലോട്ടിൽ വെറ്റ് ലാന്റ് ഉൾപ്പെട്ടിട്ടുണ്ടോ എന്നറിയുന്നതിന് സർവ്വെ സ്കെച്ച്, സർവ്വെ നമ്പർ സഹിതം പ്ലോട്ടിന്റെ തരം, അതിർത്തി എന്നിവ വ്യക്തമാക്കി സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചു. ആയത് പ്രകാരം സമർപ്പിച്ച രേഖകൾ പരിശോധിച്ച് ചിറ്റിലപ്പിള്ളി വില്ലേജ് 207/10- ൽ ഉൾപ്പെട്ട ഭൂമി പുരയിടം എന്ന തരത്തിൽ ഉൾപ്പെടുന്നുവെന്നും, നിലം എന്ന തരത്തിൽ ഈ ഭൂമി ഉൾപ്പെടുന്നില്ലായെന്നും രേഖപ്പെടുത്തിയിട്ടുള്ള ചിറ്റിലപ്പിള്ളി വില്ലേജ് ഓഫീസറുടെ 3/12/2021- ലെ 507/2021 നമ്പർ കത്ത് ഹാജരാക്കിയിട്ടുണ്ട്. ഡാറ്റാ ബാങ്ക് പരിശോധിച്ചതിൽ ടി സർവ്വെ നമ്പർ ഉൾപ്പെട്ടിട്ടില്ലായെന്ന് എൽ.എസ്.ജി.ഡി. എൻജിനീയറിംഗ് വിഭാഗം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ടി ഗ്യാസ് ഗോഡൗൺ സ്ഥിതി ചെയ്യുന്ന ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച് പരാതി ലഭിച്ചതിനെത്തുടർന്ന് നിലവിൽ ഗ്രാമപഞ്ചായത്തിൽ നിന്നും അന്വേഷണം നടന്നു വരുന്നുമുണ്ട്. |
| (സി) | കെട്ടിട നമ്പർ അനുവദിക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; വിശദീകരിക്കുമോ; അപേക്ഷകനെ അക്കാര്യം രേഖാമൂലം അറിയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ? | (സി) | ഉണ്ട്.കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 6(4) പ്രകാരം സൈറ്റ് പ്ലാൻ സമർപ്പിക്കേണ്ടതാണ്. ആകെ 1066 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള പ്ലോട്ടിന്റെ 55 ചതുരശ്ര മീറ്റർ ഏരിയയുടെ ലീസ് ഡീഡ് കൂടി ഹാജരാക്കാൻ എൽ.എസ്.ജി.ഡി. എൻജിനീയറിംഗ് വിഭാഗം റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം അപേക്ഷകനെ ഗ്രാമപഞ്ചായത്തിൽ നിന്നും അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ